Cases of Corruption.

* 564. [16] SHRI K. SATTANATHA KARAYALAR: † Will the Chief Minister be pleased to state:

(*a*) the number of cases of corruption detected by the Anti-corruption Department during 1954-55 and the number of cases that is being investigated;

(*b*) who were the officers who were involved in those cases; and

(*c*) what action was taken after the detection?

Chief Minister (SHRI PANAMPILLI GOVINDA MENON): (*a*) 42 cases of corruption have been detected by the Anti-corruption Department during 1954-55. 293 petitions containing allegations of corruption were registered and enquiries on 137 petitions were completed during the period. 95 of these petitions were recorded and the remaining 42 were left for final action by Government. The remaining 157 petitions are under different stages of investigation.

(*b*) and (*c*) ‡ 9 cases involving 16 persons were disposed of inflicting punishments. The details of the Officers and punishments given to each are given in the statement placed on the table.

The remaining 33 cases are under the consideration of Government. The names of the Officers involved in those cases cannot be divulged before taking a final decision.

ശ്രീ. പ്രാക്കുളം ഭാസി: 33 കേസ്സുകളും എടുത്തിട്ട് എത്രനാളായി.?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അധികം നാളായിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇങ്ങനെ കേസെടുത്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ ഗുരുതരമായ ആരോപണങ്ങളും ഉള്ളതുകൊണ്ട് അധികം താമസിയാതെ നടപടി നടത്താമോ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: ആരോപണങ്ങൾ ഗുരുതരമായാലും അല്ലെങ്കിലും നടപടി നടത്താൻ താമസിക്കുകയില്ല.

അവശക്രിസ്ത്യൻ വിദ്യാർത്ഥികൾ.

* 565. [17] ശ്രീ. പി. എം. മക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശഹിന്ദു വിദ്യാർത്ഥികൾക്ക്, ഒരു വർഷം തോറും അടുത്ത കൊല്ലവും ഫീസ് സൌജന്യം തുടങ്ങിയ എല്ലാ സൌജന്യങ്ങളും ലഭിക്കുമ്പോൾ, അവശക്രൈസ്തവ വിദ്യാർത്ഥികൾക്ക് ഈവക ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്നു സദയം പറയാമോ;

† As the member was absent, the question was put by Shri Prakkulam Bhasi with the permission of the Chair.

‡ Please see Appendix No. III.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവശക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും ഫീസ് സൗജന്യം കിട്ടുന്നതിനു അപേക്ഷയോടുകൂടി നിർദ്ധന സർട്ടിഫിക്കറ്റ് വേണമെന്നു നിയമം വച്ചിരിക്കുന്നതുകൊണ്ടു പല തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവരുന്നതിനാൽ, അവശവിഭാഗത്തിൽപ്പെട്ട ക്രിസ്ത്യൻ വിദ്യാർത്ഥികളെ പ്രസ്തുത നിയമത്തിൽനിന്നു ഒഴിവാക്കുവാൻ ആവശ്യമുള്ള നടപടികൾ നടത്തുവാൻ ദയവുണ്ടാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മറ്റു പിന്നോക്കസമുദായവിദ്യാർത്ഥികൾക്കു ഒരു വർഷം തോറുമാണ് അടുത്തകൊല്ലം ഫീസുസൗജന്യം അനുവദിക്കുന്നില്ല. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കു മാത്രം ഒരു വർഷത്തേക്കുകൂടി അനുവദിച്ചുകൊടുക്കുന്നുണ്ട്. അവശക്രൈസ്തവ വിദ്യാർത്ഥികളെ മറ്റു പിന്നോക്കസമുദായക്കാരെപ്പോലെ കണക്കാക്കുന്നതിൽനിന്നും വ്യത്യസ്തമായ ഒരു നയം സ്വീകരിച്ചിട്ടില്ല.

(ബി) ഇതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. എം. മർക്കോസ്: ഈ രാജ്യത്തു നിവസിക്കുന്ന അവശക്രിസ്ത്യാനികളെല്ലാം ഹിന്ദുക്കളാകണമെന്നു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ഈ ചോദ്യത്തിൽനിന്നും വരുന്നതല്ലാത്തതുകൊണ്ടു ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. സി. എ. മാത്യു: അവശസമുദായ ക്രിസ്ത്യാനികൾ ഹിന്ദുസമുദായത്തിൽ പോയാൽ അവർക്കു സൗജന്യം നൽകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നൽകും. പക്ഷെ കുറെ താമസം പിടിച്ചേക്കും.

ശ്രീ. ടി. കെ. ദിവാകരൻ: അവശസമുദായ ക്രിസ്ത്യാനിയാണെന്നു സർട്ടിഫൈ ചെയ്യുന്നതു് ആരാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു തഹശീൽദാരാണു്.

ശ്രീ. ടി. കെ. ദിവാകരൻ: എത്ര തലമുറവരെ അവശക്രിസ്ത്യാനി ആയിരിക്കും?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഒരു തീരുമാനം ഇതുവരെ എടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അവശക്രിസ്ത്യാനിയാണെന്നു തഹശീൽദാർ സർട്ടിഫൈ ചെയ്യുന്നതെങ്ങനെ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പള്ളിയിൽനിന്നും മറ്റും കൺവർട്ട് ചെയ്തിട്ടുള്ള അതാറിട്ടി നോക്കിയായിരിക്കും ചെയ്യുക. ഏതായാലും ഈ സൗജന്യങ്ങൾ നൽകുന്നുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അവശർ എന്നതിനു നാനാർത്ഥങ്ങളില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എസ്. കൃഷ്ണൻശാസ്ത്രി: അവശ ക്രിസ്ത്യാനികൾക്കു രണ്ടു തലമുറകൾക്കു മാത്രമേ ഈ സൗജന്യം കൊടുക്കുകയുള്ളു എന്നു മദ്രാസ് ഗവണ്മെൻറിൽ നിയമം ഇല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ഗവണ്മെൻറുവക കെട്ടിടങ്ങൾ.

*566. [18] ശ്രീ. പി. എം. മക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഉപയോഗശൂന്യമായിക്കിടക്കുന്ന ഗവണ്മെൻറുവക കെട്ടിടങ്ങൾ ഉണ്ടെങ്കിൽ, അവ ഏവിടെയെല്ലാമാണെന്നും, ആകെ എത്രയുണ്ടെന്നും പറയുമോ ;

(ബി) കോട്ടയത്തു് ചന്തക്കടവിൽ ഗവണ്മെൻറുവക ഒരു കെട്ടിടം അടച്ചുപൂട്ടിയിട്ടിട്ടു് എത്ര വർഷമായി ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) പി. ഡബ്ലിയു. ഡി. യുടെ അധീനതയിൽ ഉള്ളതിൽ രണ്ടെണ്ണം; അതായതു്;

(1) പൊൻമുടിയിലെ "നാലുകെട്ടു്" എന്ന കെട്ടിടം.

(2) മാച്ചാർ തുരുത്തിയിലുള്ള എക്സൈസ് സ്റ്റേഷൻ കെട്ടിടം. (മറു ഡിപ്പാർട്ടുമെൻറുകളുടെയെല്ലാം അധീനതയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ നൽകുന്നതിനു കൂടുതൽ സമയം ആവശ്യമാണു്).

(ബി) പ്രസ്തുത കെട്ടിടം കോട്ടയം പി. ഡബ്ലിയു. ഡി. ഡിവിഷൻ ആഫീസ്സിൻറെ സ്റ്റോർ ആയിട്ടു് ഉപയോഗിച്ചുവരികയാണു്.

ശ്രീ. പി. എം. മക്കോസ് : ഈ കെട്ടിടം 20 കൊല്ലങ്ങളായി പൂട്ടിയിട്ടിരിക്കുകയാണെന്നുള്ള വിവരം അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : സ്റ്റോർ ആയതുകൊണ്ടു് ഏതാണ്ടു് ഒരു കൊല്ലം തുറക്കണമെന്നില്ല.

ഇലക്ട്രിക് ലൈൻ നീട്ടുന്ന പണി.

*567. [19] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിക് ലൈൻ നീട്ടുന്നതിനു ഇക്കൊല്ലം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള എല്ലാ പണികളും ഇക്കൊല്ലംതന്നെ നടത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മുണ്ടക്കയത്തേയ്ക്കു് ലൈൻ നീട്ടുന്നതു സംബന്ധിച്ചു എന്തെങ്കിലും പണി ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നു് ആരംഭിക്കും?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly